**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 598** **17-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ യിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. യുടെ പരിധിയിൽ വരാത്ത മുഴുവൻ കരാർ, താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന സർക്കാർ ഉത്തരവ് മറികടന്ന് കെ.എസ്.എഫ്.ഇ. യിൽ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ജീവനക്കാരാണ് നിലവിൽ ഇപ്രകാരം ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ; ഏതൊക്കെ തസ്തികളിലാണ് ഇവരെ നിയോഗിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ യിൽ ദിവസവേതന അടിസ്ഥാനത്തിൽ അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ ചില തസ്തികകളിൽ ആളുകളെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, KEXCON എന്ന പൊതുമേഖലാ സ്ഥാപനം മുഖേന 18 വിമുക്ത ഭടന്മാരെ കെ.എസ്.എഫ്.ഇ യിലെ വിവിധ ഓഫീസുകളുടെ സുരക്ഷ ഉറപ്പുവരുത്താനായി കരാർ അടിസ്ഥാ നത്തിൽ നിയോഗിച്ചിട്ടുണ്ട്.<br><br>KEXCON എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നിയമിച്ചിട്ടുള്ള വിമുക്തഭടന്മാരിൽ സെക്യൂരിറ്റി ഗാർഡിന് പ്രതിദിനം 8 മണിക്കൂറിന് 800 രൂപ നിരക്കിലും നൈറ്റ് വാച്ച്മാന് പ്രതിദിനം 8 മണിക്കൂറിന് 710 രൂപ നിരക്കിലും വേതനം നല്കി വരുന്നു. |
| (ബി) | ഇവരുടെ വേതനം പ്രതിമാസ അടിസ്ഥാനത്തിലാണോ വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ; എങ്കിൽ ഒരു മാസം ഇവരുടെ വേതന ഇനത്തിൽ ആകെ ചെലവഴിക്കുന്ന തുക എത്രയാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; അനധികൃതമായി ജോലിചെയ്യുന്ന ഇത്തരം ജീവനക്കാരെ ഒഴിവാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ; | (ബി) | കെ.എസ്.എഫ്.ഇ യിൽ ദിവസവേതന അടിസ്ഥാനത്തിൽ അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ ചില തസ്തികകളിൽ ആളുകളെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, KEXCON എന്ന പൊതുമേഖലാ സ്ഥാപനം മുഖേന 18 വിമുക്ത ഭടന്മാരെ കെ.എസ്.എഫ്.ഇ യിലെ വിവിധ ഓഫീസുകളുടെ സുരക്ഷ ഉറപ്പുവരുത്താനായി കരാർ അടിസ്ഥാ നത്തിൽ നിയോഗിച്ചിട്ടുണ്ട്.<br><br>KEXCON എന്ന പൊതുമേഖലാ സ്ഥാപനം മുഖേന നിയമിച്ചിട്ടുള്ള വിമുക്തഭടന്മാരിൽ സെക്യൂരിറ്റി ഗാർഡിന് പ്രതിദിനം 8 മണിക്കൂറിന് 800 രൂപ നിരക്കിലും നൈറ്റ് വാച്ച്മാന് പ്രതിദിനം 8 മണിക്കൂറിന് 710 രൂപ നിരക്കിലും വേതനം നല്കി വരുന്നു. |
| (സി) | കെ.എസ്.എഫ്. ഇ. ആസ്ഥാനത്ത് ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ വേതന ഇനത്തിൽ 2025 ഓഗസ്റ്റ് മാസം അനുവദിച്ച നൽകിയ തുകയുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് സ്ഥിരം ജീവനക്കാർ കരാർ ജീവനക്കാർ താൽക്കാലിക ജീവനക്കാർ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | കെ.എസ്.എഫ്.ഇ. ആസ്ഥാനത്ത് ജോലി ചെയ്യുന്ന വിവിധ വിഭാഗം സ്ഥിരംജീവനക്കാരുടെ വേതന ഇനത്തിൽ 2025 ഓഗസ്റ്റ് മാസം അനുവദിച്ച നൽകിയ തുകയുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു. |

| തസ്തിക | ആഗസ്റ്റ് 2025 ലെ ആകെ വേതനം |
|---|---|

| | (രൂപയിൽ) |
|---|---|
| മാനേജിംഗ് ഡയറക്ടർ | 2,83,696/- |
| ജനറൽ മാനേജർ (ഫിനാൻസ്) | 2,84,044/- |
| കമ്പനി സെക്രട്ടറി | 1,74,112/- |
| ഡെപ്യൂട്ടി ജനറൽ മാനേജർ | 7,85,378/- |
| അസിസ്റ്റന്റ് ജനറൽ മാനേജർ | 15,36,009/- |
| മാനേജർ | 67,24,531/- |
| അസിസ്റ്റന്റ് മാനേജർ | 63,03,732/- |
| അസിസ്റ്റന്റ് | 43,03,471/- |
| ഓഫീസ് അറ്റൻഡന്റ് | 4,44,930/- |
| പാർട്ട്ടൈം സ്വീപ്പർ | 1,39,993/- |
| ഡ്രൈവർ | 92,474/- |
| ആകെ | 2,10,72,370/- |

KEXCON എന്ന പൊതുമേഖലാ സ്ഥാപനം മുഖേന കെ.എസ്.എഫ്.ഇ ആസ്ഥാനമന്ദിരത്തിന്റെ സുരക്ഷ ഉറപ്പുവരുത്താനായി കരാർ അടിസ്ഥാ നത്തിൽ നിയോഗിച്ച 7 വിമുക്ത ഭടന്മാർക്ക് 2025 ഓഗസ്റ്റ് മാസം വേതന ഇനത്തിൽ 46,771/- രൂപ അനുവദി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ